പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6501 03/04/2018-ൽ മറുപടിയ്ക്ക്

## 'ശരണ്യ' സ്വയം തൊഴിൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. ഉബൈദുള്ള<br>ശ്രീ. വി. കെ.ഇബ്രാഹിം കുഞ്ഞ്: | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിന് കീഴിൽ നടപ്പാക്കുന്ന ശരണ്യ സ്വയം തൊഴിൽ പദ്ധതി എന്താണെന്ന് വിശദീകരിക്കാമോ; സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; | (എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ, നിയമാനുസൃതം വിവാഹബന്ധം വേർപ്പെടുത്തിയവർ , അവിവാഹിതകൾ, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗം സ്ത്രീകൾക്കായി വിഭാവനം ചെയ്തിട്ടുള്ള സ്വയം തൊഴിൽ പദ്ധതിയാണിത്. ഒരു വ്യക്തിക്ക് പരമാവധി 50,000/- രൂപ വരെ പലിശ രഹിത വായ്പ അനുവദിക്കുന്നു. വായ്പത്തുകയുടെ 50% പരമാവധി 25,000/-രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നതുമാണ്.<br>കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും, വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തതും 18 നും 55 നും മദ്ധ്യേ പ്രായമുള്ളതുമായ (അവിവാഹിതകൾക്ക് 30 വയസ്സ് പൂർത്തിയാകണം) മേൽപ്പറഞ്ഞ വിഭാഗത്തിലുള്ള വനിതകൾക്ക് ഈ പദ്ധതിയിൻപ്രകാരം സ്വയം തൊഴിൽ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്. പ്രൊഫഷണൽ/ സാങ്കേതിക യോഗ്യതയുള്ളവർക്കും, ഐ.റ്റി.ഐ, ഐ.റ്റി.സി, സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർക്കും ബിരുദധാരികൾക്കും ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് മുൻഗണന നൽകുന്നതാണ്. ഈ പദ്ധതി സംസ്ഥാന വ്യാപകമായാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | സംരംഭകത്വ വികസന പരിശീലനങ്ങൾക്കായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ; | (ബി) | ഉണ്ട്. പരിശോധിച്ചുവരുന്നു |
| (സി) | ഇതിനായി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഗ്രാമീണ സ്വയം തൊഴിൽ കേന്ദ്രങ്ങളിലും പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ എന്നറിയിക്കാമോ? | (സി) | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയും, ലീഡ് ബാങ്കുകളുടെ ആഭിമുഖ്യത്തിലുള്ള ഗ്രാമീണ സ്വയംതൊഴിൽ കേന്ദ്രങ്ങൾ വഴിയും തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് പരിശീലനം നല്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ